**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6726** **11-11-2021 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്തുകളിൽ ഒരു കളിക്കളം പദ്ധതി പ്രകാരം അനുവദിച്ച പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ പരിപാലനം നടത്താത്തതുകൊണ്ട് ചില സ്റ്റേഡിയങ്ങൾ നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിപാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ? | (എ) | കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ പരിപാലനം ഉറപ്പ വരുത്തുന്നതിന് ബന്ധപ്പെട്ട ഭൂഉടമസ്ഥരുമായി (തദ്ദേശസ്വയംഭരണ സ്ഥാപനം, സ്കൂൾ, കോളേജ് മുതലായവ) ധാരണാപത്രത്തിൽ ഏർപ്പെടുന്നുണ്ട്. പ്രസ്തുത ധാരണാപത്ര പ്രകാരം പദ്ധതിയുടെ നടത്തിപ്പും പരിപാലനവും അതാത് ഭൂഉടമസ്ഥർ നിർവ്വഹിക്കേണ്ടതും സ്റ്റേഡിയത്തിൽ നിന്നുള്ള വരുമാനം സ്റ്റേഡിയത്തിന്റെ അറ്റകുറ്റപ്പണികൾക്ക് മാത്രം നീക്കി വയ്ക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തിയാക്കിയ ചിലസ്റ്റേഡിയങ്ങളുടെ പരിപാലനം കൃത്യമായി നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയങ്ങളുമായി ബന്ധപ്പെട്ട എം.എൽ.എയും പ്രാദേശിക തലത്തിലെ ജനപ്രതിനിധികളേയും ഉൾപ്പെടുത്തി യോഗം ചേർന്ന് സ്റ്റേഡിയത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനും, പരിപാലനം ഉറപ്പ വരുത്തുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് കായികവകുപ്പിന് കീഴിലുള്ള സ്റ്റേഡിയങ്ങളുടെ നടത്തിപ്പ്, പരിപാലനം, അറ്റകുറ്റപ്പണികളുടെ നിർവ്വഹണം എന്നിവ സുഗമവും ഫലപ്രദവുമാക്കുന്നത് ലക്ഷ്യമിട്ട് കായികയുവജനകാര്യാലയത്തിന്റെ നിയന്ത്രണത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന കമ്പനിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത കമ്പനിയിലൂടെ സ്റ്റേഡിയങ്ങളുടെ പരിപാലനവും, അറ്റകുറ്റപ്പണികളുടെ നിർവ്വഹണവും സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ